**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 655** **30-01-2024 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | കാഞ്ഞങ്ങാട് വ്യവസായ പാർക്ക് എന്ന പേരിൽ ഒരു വ്യവസായ പാർക്ക് നിലവിലില്ല. എന്നാൽ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മടിക്കൈ, പുതുക്കൈ എന്ന സ്ഥലത്ത് വ്യവസായ വാണിജ്യ വകുപ്പിന്റെ അധീനതയിൽ മടിക്കൈ, പുതുക്കൈ വ്യവസായ വികസന പ്ലോട്ട് എന്ന പേരിൽ ഒരു വ്യവസായ പ്ലോട്ട് നിലവിലുണ്ട്. പ്ലോട്ടിന്റെ ചുറ്റുമതിൽ നിർമ്മാണത്തിനായി 4.9 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മാണം 70% പൂർത്തിയായിട്ടുണ്ട്. പ്ലോട്ടിലേക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണത്തിന് കാസർഗോഡ് വികസന പാക്കേജിൽ നിന്നും 273 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണം ഹാർബർ എഞ്ചിനിയറിങ് വകുപ്പിനെ ഏൽപ്പിച്ചിട്ടുണ്ട്. വ്യവസായ ഭൂമി അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. നിലവിൽ 7 സംരംഭകർക്ക് 15 ഏക്കർ സ്ഥലം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | വ്യവസായ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ നടന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ? | (ബി) | കാഞ്ഞങ്ങാട് വ്യവസായ പാർക്ക് എന്ന പേരിൽ ഒരു വ്യവസായ പാർക്ക് നിലവിലില്ല. എന്നാൽ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മടിക്കൈ, പുതുക്കൈ എന്ന സ്ഥലത്ത് വ്യവസായ വാണിജ്യ വകുപ്പിന്റെ അധീനതയിൽ മടിക്കൈ, പുതുക്കൈ വ്യവസായ വികസന പ്ലോട്ട് എന്ന പേരിൽ ഒരു വ്യവസായ പ്ലോട്ട് നിലവിലുണ്ട്. പ്ലോട്ടിന്റെ ചുറ്റുമതിൽ നിർമ്മാണത്തിനായി 4.9 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മാണം 70% പൂർത്തിയായിട്ടുണ്ട്. പ്ലോട്ടിലേക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണത്തിന് കാസർഗോഡ് വികസന പാക്കേജിൽ നിന്നും 273 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണം ഹാർബർ എഞ്ചിനിയറിങ് വകുപ്പിനെ ഏൽപ്പിച്ചിട്ടുണ്ട്. വ്യവസായ ഭൂമി അനുവദിക്കുന്നതിനുള്ള അപേക്ഷകൾ |

| | | | |
|---|---|---|---|
| | | | ഓൺലൈനായി സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. നിലവിൽ 7 സംരംഭകർക്ക് 15 ഏക്കർ സ്ഥലം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ